# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4122 — 24.06.2019-ൽ മറുപടിയ്ക്ക്

## കലാരത്നം കെ. എം. ധർമ്മന് ചികിത്സാ സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് : | **ശ്രീ. എ.കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി** |
| എ) നടൻ, സംവിധായകൻ, സംഘാടകൻ എന്നീ നിലകളിൽ 70 വർഷത്തിലേറെയായി നാടകരംഗത്ത് സമഗ്ര സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന കലാരത്നം കെ. എം. ധർമ്മന് ചികിത്സാ സഹായം അനുവദിച്ച് കിട്ടുന്നതിനായി 15.03.2019-ന് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ;<br><br>ബി) ഇദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് ചികിത്സാസഹായം അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | എ) & ബി) കേരളത്തിന്റെ നാടക രംഗത്ത് നടൻ, സംവിധായകൻ, സംഘാടകൻ എന്നീ നിലകളിൽ സമഗ്ര സംഭാവനകൾ നൽകിയ ശ്രീ.കെ.എം. ധർമ്മന് അടിയന്തിര ചികിത്സാ ധനസഹായം നൽകണമെന്ന് അഭ്യർത്ഥിച്ച് ശ്രീ ജോൺ ഫെർണാണ്ടസ് എം.എൽ.എ. മുഖേന ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ അശരണരും രോഗ ബാധിതരുമായ കലാകാരന്മാർക്ക് അടിയന്തിര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിക്കുന്നതിന് പദ്ധതിയുടെ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന രേഖകൾ സഹിതം പരിശോധിച്ച് സമർപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ചികിത്സാ ധനസഹായം ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ സമർപ്പിക്കുവാൻ ശ്രീ. കെ. എം. ധർമ്മന് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. രേഖകൾ സർക്കാരിൽ ലഭ്യമായാലുടൻ അടിയന്തിര ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**